# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4118 – 12/11/2019 - ലെ മറുപടിക്ക്

### ധനക്കമ്മി കുറച്ച് വരുമാന വളർച്ച സാദ്ധ്യമാക്കി ധനദൃഢീകരണം

ചോദ്യം

ശ്രീ.പി.ടി.എ. റഹീം
ശ്രീ.ഡി.കെ. മുരളി
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.ജോർജ് എം. തോമസ്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കുറയ്ക്കാതെ നികുതി-നികുതിയേതര വരുമാന വളർച്ചയിലൂടെ കമ്മി കുറയ്ക്കുകയെന്ന സംസ്ഥാനത്തിന്റെ തന്ത്രം, രാജ്യം നേരിടുന്ന സാമ്പത്തിക തകർച്ചയും തല്ഫലമായി ഉപഭോഗത്തിലും കേന്ദ്ര നികുതി വിഹിതത്തിലും ഉണ്ടാകാനിടയുള്ള കുറവും കാരണം ഫലപ്രദമാകാതെ പോകാനിടയുണ്ടോ; ഈ പ്രശ്നം എങ്ങനെ മറികടക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കുറയ്ക്കാതെ നികുതി-നികുതിയേതര വരുമാന വളർച്ചയിലൂടെ കമ്മി കുറയ്ക്കുകയെന്നതാണ് സംസ്ഥാനത്തിന്റെ നയം. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ഉപഭോഗത്തിലുണ്ടാകുന്ന കുറവ് മൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവു വരാനിടയുണ്ട്. ഇതേ തുടർന്ന് കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവ് വരുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും. പദ്ധതി പദ്ധതിയേതര ചെലവുകളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇത് ഒരു പരിധിവരെ മറികടക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഈ പശ്ചാത്തലത്തിൽ സംസ്ഥാന താല്പര്യം പരിഗണിക്കാതെ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങളിൽ മാറ്റം വരുത്തിയത് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയുണ്ടോ; | ഉണ്ട്. കേന്ദ്രനികുതി വിഹിതത്തിൽ നിന്നും സംസ്ഥാനങ്ങൾക്കു വിഭജിച്ച് നൽകേണ്ട നികുതി വിഹിതം മാറ്റി വയ്ക്കാതെ രാജ്യരക്ഷാ പ്രവർത്തനങ്ങൾക്കും ആഭ്യന്തര സുരക്ഷയ്ക്കുമായുള്ള ചെലവ് മാറ്റിയതിനു ശേഷം നികുതി വിഭജനം നടത്തുന്നതും സംസ്ഥാനങ്ങൾക്ക് ലഭിക്കാനുള്ള |

| | | |
|---|---|---|
| | | നികുതിവിഹിതം സാരമായി കുറയുന്നതിന് കാരണമാകും. |
| (സി) | സംസ്ഥാനത്ത് ധനദൃഢീകരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും ജി.എസ്.റ്റി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.റ്റി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി.എൻ - ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.<br>ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനു ശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധന ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**